Draft #1 of File 178628/AC A1-2/2021/AC A 1 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 23-Jun-2023 03:42 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർ വ്വകലാശാലയിലെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം - ടി.സി, കോഴ്സ് ആൻഡ് കോണ്ടക്ട് സർട്ടിഫിക്കറ്റ് എന്നിവ ഒഴിവാക്കിക്കൊണ്ടുള്ള സർവ്വകലാശാല ഉത്തരവ് ഭേദഗതി ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 7052/AC A 1/2023/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 23.06.2023

---

*പരാമർശം:*-1.10.04.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം . നം .302/22.04/178628 /ACA1-2/ 2021.

2. സർവ്വകലാശാല ഉത്തരവ് നമ്പർ . 5070/ACA 1 /2023/ എം .ജി .യു. തീയതി 08.05.2023.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിലെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് ടി.സി , മൈഗ്രേഷൻ, കോഴ്സ് ആൻഡ് കോണ്ടക്ട് സർട്ടിഫിക്കറ്റ് എന്നിവ ഒഴിവാക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും തദനുസരണം പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു .

എന്നാൽ, ടി .സി, കോഴ്സ് ആൻഡ് കോണ്ടക്ട് സർട്ടിഫിക്കറ്റ് എന്നിവ പ്രവേശന സമയത്ത് ഒഴിവാക്കുന്നത് സംബന്ധിച്ച് ഏതാനും കോളേജ് പ്രിൻസിപ്പൽമാർ ആശങ്ക പ്രകടിപ്പിച്ചത് കണക്കിലെടുത്ത് , പരാമർശം (2) ഉത്തരവ് പ്രകാരം ടി.സി, കോഴ്സ് ആൻഡ് കോണ്ടക്ട് സർട്ടിഫിക്കറ്റ് എന്നിവ പ്രവേശന സമയത്ത് ഒഴിവാക്കിയ തീരുമാനം, വൈസ് ചാൻസലർ , മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം III വകുപ്പ് 10 (17) പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് താൽക്കാലികമായി മരവിപ്പിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം പരാമർശം (2) ഉത്തരവ് ഭേദഗതി ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല കേരളം

1.അഫിലിയേറ്റഡ് കോളേജുകൾ /പഠന വകുപ്പുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.പി.ആർ.ഒ / ഫ്രണ്ട് ഓഫീസ്/ ഐ.ക്യൂ.എ.സി / ഐ.റ്റി.സെൽ / യൂണിവേഴ്സിറ്റി വെബ് സൈറ്റ്

6.വിവിധ ടാബുലേഷൻ സെക്ഷനുകൾ/എ.സി.ബി 6/എ.സി.ബി 7

7.എ.സി.സി 1/എ.സി.സി 2 / ആക്ഷൻ ടേക്കൺ റിപ്പോർട്ട്

8.റെക്കോർഡ് സെക്ഷൻ /സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 178628/AC A1-2/2021/AC A 1 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 23-Jun-2023 03:42 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം